# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-3)354/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-3)354/2023 തീയ്യതി: 17/04/2023

## എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ടെസി.എം. ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ് കുമാർ.കെ.വി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.വിജു.എം.എസ്, സിനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ടിനു.കെ.ജെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കെ.എസ്.നിബിൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സഞ്ജയ് പ്രഭു.ഡി | സെക്രട്ടറി | 01-04-2021 | 31-12-2021 |
| ശ്രീ.ബെൻസി.എൻ. | സെക്രട്ടറി | 01-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലിജി.ടി.എൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനുജ ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സുസ്മിത ഭായി.എൻ | മെഡിക്കൽ ഓഫീസർ.അയ്യമ്പിള്ളി പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.നീമ ബേസിൽ | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം | 01-04-2021 | 31-03-2022 |
| ഡോ.ലെംമ്സി ഫ്രാൻസീസ് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.എൻ.ലക്ഷ്മി | വെറ്റേറിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹരിത.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-04-2021 |
| ശ്രീമതി.ബിന്ദുജ.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-04-2021 | 31-03-2022 |
| ശ്രീമതി.സീമ.ടി.ആർ | വില്ലേജ് എക്സ്റ്റഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.വി.ശങ്കർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിസി.ടി.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | Base Data ചേർക്കാതെ ARV അടിസ്ഥാനത്തിൽ വസ്തുനികുതി നിശ്ചയിക്കുന്നു. | 1-11 |
| 13 | ബീച്ച് സാനിറ്ററി കോംപ്ലക്സ് - വണ്ടിപ്പേട്ട പിരിക്കൽ ലേലം - കുടിശ്ശിക ഈടാക്കിയില്ല. | 1-12 |
| 14 | തൊഴിൽനികുതി ഈടാക്കിയതിൽ അപാകതകൾ | 1-13 |
| 15 | കുഴപ്പിള്ളി ബീച്ചിൽ പഞ്ചായത്ത് നിർമ്മിച്ച സാനിറ്ററി കോംപ്ലക്സ് ഉപയോഗിക്കാതെ നശിക്കുന്നു. | 1-14 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവരുടെ പെൻഷൻ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു | 1-15 |
| 17 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല. | 1-16 |
| 18 | മട്ടുപ്പാവിൽ പച്ചക്കറി കൃഷി- അധിക തുക അനുവദിച്ചു | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 17.02.2021 ലെ 1(1):ാംനമ്പർനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 17.03.2022ലെ 1(1):ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 6481113.00 | 11307492.00 | (-) 4826379.00 |
| വരവ് | 138998085.00 | 53974868.00 | 85023217.00 |
| ആകെ | 145479198.00 | 65282360.00. | 80196838.00 |
| ചെലവ് | 140311114.00 | 54350558.00 | 85960556.00 |
| നീക്കിയിരിപ്പ് | 5168084.00 | 10931802.00 | (-) 5763718 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 1.9 കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 3 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 20.05.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് (ക്രെഷ്) എന്ന പേരിൽ എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിലവിൽ പ്രവർത്തനരഹിതമായ ഒരു അക്കൗണ്ടുണ്ട്. 189/- രൂപ ബാലൻസ് പ്രസ്തുത അക്കൗണ്ടിൽ കിടക്കുന്നുണ്ട്. പ്രവർത്തന രഹിതമായ ഈ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ പേരിൽ നായരമ്പലം ട്രഷറിയിൽ വി.പി.എഫ്.എ III 6, വി.പി.എഫ്.എ III 7 എന്നിങ്ങനെ പ്രവർത്തന രഹിതമായ അക്കൗണ്ടുകളുണ്ട്. ആയതിൽ യഥാക്രമം 5912, 500 എന്നിങ്ങനെ തുകകളും അവശേഷിക്കുന്നുണ്ട്. പ്രവർത്തന രഹിതമായ ഈ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിൽ നിർമ്മൽ പുരസ്കാർ അക്കൗണ്ട് നം. 8220 എന്ന പേരിൽ എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിലവിൽ ഒരു അക്കൗണ്ടുണ്ട്. 8878/- രൂപ ബാലൻസായി അതിൽ നിലനിൽക്കുന്നുണ്ട്. പ്രസ്തുത തുക പ്രോജക്ട് മുഖാന്തരം ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 47-loans, Advances And Deposits ൽ (460500201) Advance To Implementing Agencies-Deposit With Kerala Water Authority എന്ന ഹെഡിൽ 34968/-രൂപ 21.02.2022 ൽ 121090900133 രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ബാലൻസ് ഷീറ്റിലെ B-9 ൽ (350110104) Employee Liabilities- Pension Contributions Payable എന്ന ഹെഡിൽ 792487/-രൂപ നീക്കിയിരുപ്പുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകയായി അടവാക്കുവാനുള്ളതാണെങ്കിൽ ആയത് അടവാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 11307492.00 |
| വരവ് | 53974868.00 |
| ആകെ | 65282360.00. |
| ചെലവ് | 54350558.00 |
| നീക്കിയിരിപ്പ് | 10931802.00 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 8078588 | 8078588 | 8078588 | 0 | |
| വികസന ഫണ്ട്- എസ്.സി.പി | 0 | 4466518 | 4466518 | 4273213 | 193305 | |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4124196 | 4124196 | 4002584 | 121612 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക്) | 0 | 2344036 | 2344036 | 2343016 | 1020 | |
| മെയിന്റനൻസ് ഫണ്ട് (റോഡ് ) | 0 | 4027381 | 4027381 | 3508429 | 518952 | |
| മെയിന്റനൻസ് ഫണ്ട് (നോൺ- റോഡ് ) | 0 | 5087335 | 5087335 | 4853319 | 234016 | |
| സാക്ഷരത | 4049 | 112 | 4161 | 0 | 4161 | |
| അംഗൻ വാടി പൂരക പോഷകാഹാരം | 41664 | 345320 | 386984 | 210819 | 176165 | |
| ശുചിത്വമിഷൻ | 1782520 | 130000 | 1912520 | 500000 | 1412520 | |
| ജനകീയ ഭവനം | 227996 | 38488 | 266484 | 0 | 266484 | |
| ലൈഫ് ഭവന പദ്ധതി | 113000 | 2140000 | 2253000 | 920000 | 1333000 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 90096933 | 112 | 37084706 | 10 | 5 | 88.18% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16634.00 | 677119.00 | 693753.00 | 693579.00 | 174.00 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18391285.00 | 18391285.00 | 18391285.00 | |
| ആകെ | 16634.00 | 19068404.00 | 19085038.00 | 19084864.00 | 174.00 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2282000 | 131 |
| വിധവാപെൻഷൻ | 8287200 | 563 |
| വാർദ്ധക്യകാലപെൻഷൻ | 16418800 | 1251 |
| വികലാംഗപെൻഷൻ | 2277200 | 147 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 900000 | 63 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2023 തീയതിയിൽ 3.00 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42469/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ (Birth & Death And Marriage Registration), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളു.ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ (വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽReal Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMSവഴിപരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

5) സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂരജിസ്റ്റർ, എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളു. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധന വിധേയമാക്കാൻ കഴിയുകയില്ല.

6) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMS ൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2022 | 01.03.2022 മുതൽ 31.03.2022 വരെ | 28.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2018മുതൽ 13.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 21.07.2018 |

## 1-11 Base Data ചേർക്കാതെ ARV അടിസ്ഥാനത്തിൽ വസ്തുനികുതി നിശ്ചയിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ARV അടിസ്ഥാനത്തിൽ കണക്കാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2013 Assessment ലെ പുതിയ കെട്ടിട നമ്പർ മാത്രമാണ് സഞ്ചയ Form-6 ലും Assessment Details ലും ചേർത്തത്. ARV അടിസ്ഥാനത്തിലുള്ള പഴയ കെട്ടിട നമ്പർ ചേർത്തിട്ടില്ല. ആയതിനാൽ ഇവ 2013 ന് മുമ്പുള്ള കെട്ടിടമാണോ എന്ന് വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഇവ പഴയ കെട്ടിടങ്ങളല്ല എങ്കിൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | തറ വിസ്തീർണ്ണം അടിസ്ഥാനത്തിലുള്ള നികുതി | അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം കാല പഴക്കം | ARV അടിസ്ഥാനത്തിൽ നിശ്ചയിച്ച നികുതി | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|---|---|---|---|
| 1 | 12/293 | വർഗ്ഗീസ് ഭാര്യ ആനി, മാളിയേക്കൽ | പാർപ്പിടം | 315.5 ച.മീ | 2177 | 30 വർഷം | 810 | 2013 ഒന്നാം അർദ്ധ വർഷം |
| 2 | 12/310 | കുഴപ്പിള്ളി സർവ്വീസ് സഹകരണബാങ്ക് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 19.95 ച.മീ | 1536 | 10 വർഷം | 562 | 2013 ഒന്നാം അർദ്ധ വർഷം |
| 3 | 12/311 | കുഴപ്പിള്ളി സർവ്വീസ് സഹകരണബാങ്ക് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 19.95 ച.മീ | 1317 | 10 വർഷം | 562 | 2013 ഒന്നാം അർദ്ധ വർഷം |
| 4 | 12/316 | കുഴപ്പിള്ളി സർവ്വീസ് സഹകരണബാങ്ക് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | | 1121 | 20 വർഷം | 606 | 2013 ഒന്നാം അർദ്ധ വർഷം |

പഴയ കെട്ടിട നമ്പർ ഉൾപ്പടെയുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട

നികുതി നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/22-3-2023) മറുപടി ലഭ്യമാക്കിയില്ല. ഇവ പഴയ കെട്ടിടങ്ങളാണെങ്കിൽ പഴയ നമ്പർ അടക്കമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 ബീച്ച് സാനിറ്ററി കോംപ്ലക്സ് - വണ്ടിപ്പേട്ട പിരിക്കൽ ലേലം - കുടിശ്ശിക ഈടാക്കിയില്ല.

19-2-2021 ൽ നടന്ന കുഴുപ്പിള്ളി ബീച്ച് സാനിറ്ററി കോംപ്ലക്സ് - വണ്ടിപ്പേട്ട പിരിക്കൽ ലേലത്തിൽ ഉയർന്ന തുകയായ 261000/- രൂപയ്ക്ക് ലേലം വിളിച്ച ജോബിഷ് മംഗലപ്പിള്ളി, കുഴുപ്പിള്ളി എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ച് നൽകുകയും ലേല തുകയുടെ മൂന്നിൽ ഒന്ന് തുകയായ 87000/- രൂപ ടിയാൾ (19-2-2021 തീയതിയിലെ 29/62192 നമ്പർ രസീത് പ്രകാരം 42000/- രൂപ, 20-2-2021 തീയതിയിലെ 42/62192 നമ്പർ രസീത് പ്രകാരം 45000/- രൂപ) അടവാക്കിയിട്ടുമുണ്ട്. ബാക്കി തുക അടവാക്കുന്നതിന് 28-10-2021 ൽ ടിയാൾക്ക് കത്ത് നൽകിയെങ്കിലും തുക അടവാക്കിയില്ല. കോവിഡ് വ്യാപനം മൂലം കുഴുപ്പിള്ളി ബീച്ച് 2021 ഏപ്രിൽ 18 മുതൽ ആഗസ്റ്റ് 7 വരെ 112 ദിവസം അടച്ചിട്ടതിനാൽ സാനിറ്ററി കോംപ്ലക്സ് പ്രവർത്തിപ്പിക്കുന്നതിനും വണ്ടിപ്പേട്ട പിരിക്കുന്നതിനും കരാറുകാരന് സാധിച്ചിട്ടില്ലെന്നും അടച്ചിട്ട കാലയളവിൽ ദിവസം 715.07 രൂപ വീതം ആകെ 80088 രൂപ സർക്കാർ അനുമതിക്ക് വിധേയമായി കിഴിവ് നൽകാൻ 22-11-2021 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 6(1) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 31-12-2021 ൽ ഉചിത മാർഗ്ഗേണ കിഴിവ് ലഭിക്കുന്നതിന് സർക്കാരിന് കത്ത് നൽകി.4-12-2021 ൽ ടിയാളുമായുള്ള കരാർ റദ്ദാക്കാൻ കത്ത് നൽകുകയും 13-12-2021 ൽ നടന്ന പുനർലേലത്തിൽ പുഷ്പ മഠത്തിൽ സമർപ്പിച്ച 41000 രൂപയുടെ ക്വട്ടേഷൻ 16-12-2021 ലെ പഞ്ചായത്ത് കമ്മിറ്റി പ്രകാരം അംഗീകരിക്കുകയും തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക ബാലൻസ്ഷീറ്റിലെ B-15 ഷെഡ്യൂളിലെ 431400111 - Receivables Towards Public Comfort Stations Receipts (Current) ഹെഡ് പ്രകാരം 133000/- രൂപ ലഭിക്കാനുണ്ട്.
തുക അടവാക്കാത്തത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-7/21-3-2023) 80088 രൂപ കിഴിവ് ലഭിക്കുന്നതിന് സർക്കാരിന് കത്ത് നൽകിയെന്നും ബാക്കിയുള്ള 52912/- രൂപ (പലിശ ഉൾപ്പടെ 64693/- രൂപ) ജോബിഷ് മംഗലപ്പള്ളിയിൽ നിന്നും ലഭിക്കുന്നതിന് ഓൺലൈനിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി ഈടാക്കിയതിൽ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷവും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ആതിര സ്വർണ്ണപ്പണയം കുഴുപ്പിള്ളി |
| 2 | വിമല ഹോമിയോ ക്ലിനിക്ക് കുഴുപ്പിള്ളി |
| 3 | ഇന്ദ്രിയ സാന്റ്സ് കുഴുപ്പിള്ളി |

2) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി സ്ഥാപന തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 34 | എം.എസ് ട്രേഡേഴ്സ് കുഴപ്പിള്ളി |
| 2 | 32 | വേദാന്ത കൺസ്ട്രക്ഷൻസ് |
| 3 | 19 | ചോയ്സ് ട്രേഡിംഗ് കോർപറേഷൻ |

3) 2021-2022 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

4) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയ സെന്ററുകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

5) 'THREE FOUR STUDIES' എന്ന സ്ഥാപനത്തിന്റെ F.T.EO.S ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം 14 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ-8/22-3-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് ആയതും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 കുഴപ്പിള്ളി ബീച്ചിൽ പഞ്ചായത്ത് നിർമ്മിച്ച സാനിറ്ററി കോംപ്ലക്സ് ഉപയോഗിക്കാതെ നശിക്കുന്നു.

കുഴപ്പിള്ളി ബീച്ച് സാനിറ്ററി കോംപ്ലക്സ് നടത്തിപ്പ് ലേലം കൊണ്ടിട്ടുള്ള ജോബിഷ്, മംഗലപ്പിള്ളിക്ക് 8-10-2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അയച്ച കത്തിൽ ടിയാൾ സാനിറ്ററി കോംപ്ലക്സ് പ്രവർത്തിപ്പിക്കാതെ ബീച്ചിലെത്തുന്ന സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടെന്നും ഇത് സംബന്ധിച്ച് വിവിധ പത്രങ്ങളിൽ വാർത്ത വന്നെന്നും പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ലംഘിച്ചതായി പഞ്ചായത്തിന് ബോധ്യപ്പെട്ടെന്നും രണ്ട് ദിവസത്തിനകം ബീച്ചിലെ തെക്ക് ഭാഗത്തുള്ള സാനിറ്ററി കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഡി.ടി.പി.സി നിർമ്മിച്ച് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന സാനിറ്ററി കോംപ്ലക്സ് ആണ്. എന്നാൽ ഇതുകൂടാതെ ബീച്ചിന്റെ വടക്ക് ഭാഗത്ത് (കുഴപ്പിള്ളി ബീച്ച് റോഡ് അവസാനിക്കുന്ന റോഡിന്റെ വടക്ക് ഭാഗത്ത്) കുഴപ്പിള്ളി പഞ്ചായത്ത് 2012-13 ൽ നിർമ്മിച്ച സാനിറ്ററി കോംപ്ലക്സ് നാളുകളായി പ്രവർത്തിക്കാതെ, പഞ്ചായത്തിനോ വിനോദ സഞ്ചാരികൾക്കോ യാതൊരു ഗുണവും ലഭിക്കാതെ സ്ഥിതി ചെയ്യുന്നുണ്ട്.




ടി സാനിറ്ററി കോംപ്ലക്സ് 2021-2022 ൽ ലേലത്തിൽ നൽകിയിരുന്നോ എന്നും ഉപയോഗയോഗ്യമാക്കാത്തതിന് കാരണമെന്തെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ-11/22-3-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. 2012-13 ൽ ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച ടി സാനിറ്ററി കോംപ്ലക്സ് നശിക്കുന്ന സ്ഥിതിയാണ് ഉള്ളത്. ആസ്തി പരിപാലനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ടി സാനിറ്ററി കോംപ്ലക്സ് പഞ്ചായത്തിനോ വിനോദസഞ്ചാരികൾക്കോ ഉപകാരമാകുംവിധം പരിപാലിക്കാവുന്നതാണ്. ആസ്തി പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വിനോദസഞ്ചാരികൾക്ക് ഉപയോഗപ്രദമാകും വിധം കുഴുപ്പിള്ളി ബീച്ചിലെ സാനിറ്ററി സൗകര്യങ്ങൾ പരിപാലിക്കേണ്ടതാണ്.

## 1-15 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവരുടെ പെൻഷൻ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.63/2021/ധന /02.08.2021 (എസ്.എഫ്സി-ബി) പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം സെക്രട്ടറി അടുത്ത മാസം 10 -ാം തീയതിക്കകം ആ തദ്ദേശ സ്ഥാപനത്തെ അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ക്ഷേമപെൻഷൻ വാങ്ങുന്നവരും ഉണ്ട്. ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിലും സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പ്രാദേശിക ക്ഷേമനിധി ബോർഡ് | പെൻഷനർ ഐ ഡി | മരിച്ച തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് രജിസ്ട്രേഷൻ നമ്പർ/ തീയതി | അനർഹമായ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ച കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|---|
| 1 | അശോകൻ അരവിന്ദശ്ശേരി, പൂയ്യപ്പിള്ളി, വടക്കേക്കര പി.ഓ | വാർദ്ധക്യ കാല പെൻഷൻ | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 106280200233 | 13-11-2021 | 110/2021 തീയതി- 29-12-2021 | 1/22 മുതൽ 12/22 വരെ = 12മാസം | 19200/- |
| 2 | രാജമ്മ പഴയേടത്ത്, അയ്യമ്പിള്ളി | വിധവാ പെൻഷൻ | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 106630601947 | 28-5-2021 | 42/2021 തീയതി- 4-6-2021 | 6/21 മുതൽ 12/22 വരെ = 19മാസം | 30400/- |
| 3 | സുരേഷ്, ഈരേഴത്ത്, എടവനക്കാട് | വാർദ്ധക്യ കാല പെൻഷൻ | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 106610202102 | 10-4-2021 | 29/2021 തീയതി- 22-4-2021 | 5/21 മുതൽ 12/22 വരെ = 20മാസം | 32000/- |

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3/20-3-2023) പരാമർശത്തിൽ

സൂചിപ്പിച്ച മൂന്ന് വ്യക്തികളുടേയും മരണം 21-3-2023 ൽ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. അതായത് ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം മാത്രമാണ് പഞ്ചായത്ത് വിഷയത്തിൽ നടപടികൾ സ്വീകരിച്ചത്. മരണം നടന്ന് അടുത്ത മാസം 10 -ാം തീയതിക്കകം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അറിയിക്കാഞ്ഞതിനാൽ 81600/- രൂപയുടെ നഷ്ടമാണ് സംസ്ഥാന സർക്കാരിനുണ്ടായത്. ഇത്തരത്തിലുള്ള അശ്രദ്ധ ഒഴിവാക്കേണ്ടതാണ്.

1-16 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | എസ് 0090/22, പാലിന് സബ്സിഡി |
| ചെക്ക് നം, തീയതി, ചെലവ് | 211075200860112483 9,15.02.2022, 100000 |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 100000, |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കുന്ന, സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ടിൽ 2021-22 വർഷം ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം പാലുല്പാദക സഹകരണ സംഘം വഴി പാലളക്കുന്ന 36 ക്ഷീരകർഷകർക്ക് 2021 സാമ്പത്തിക വർഷത്തിലെ ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ 3 രൂപ വീതവും ഒക്ടോബർ മാസത്തിൽ കേവലം 1 രൂപയും മാത്രമാണ് സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളത് ഈ മാസങ്ങളിൽ 43785.4 ലിറ്റർ പാൽ മേൽ സൂചിപ്പിച്ച ക്ഷീരസംഘം വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും മൂലം ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ക്ഷീരകർഷകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിക്ക് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 18.03.2023 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ഉകയുപയോഗിച്ച് 3 രൂപ നിരക്കിൽ സബ്സിഡി നല്കിയിട്ടുണ്ടെന്നും, ഗ്രാമ പഞ്ചായത്തിൽ നിന്നും കേവലം 100000/- രൂപ മാത്രമാണ് അനുവദിച്ചതെന്നും ആയത് ഉപയോഗിച്ച് കേവലം രണ്ട് മാസം മാത്രമാണ് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുവാൻ സാധിച്ചതെന്നും, ബാക്കി ഉക ഒക്ടോബർ മാസത്തിൽ ഒരു രൂപ നിരക്കിൽ മാത്രമേ സബ്സിഡി അനുവദിക്കുവാൻ സാധിച്ചുള്ളൂവെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ആയതിനാൽ ക്ഷീരസംഘം വഴി പാലളക്കുന്ന കർഷകർക്ക് മാർഗ്ഗരേഖ പ്രകാരം അർഹമായ സബ്സിഡി ലഭ്യമാക്കുന്ന വിധത്തിൽ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

1-17 മട്ടുപ്പാവിൽ പച്ചക്കറി കൃഷി- അധിക ഉക അനുവദിച്ചു

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0066/22, മട്ടുപ്പാവിൽ പച്ചക്കറി കൃഷി (വനിത ജനറൽ) |
| അടങ്കൽ ഫണ്ട് | ആകെ അടങ്കൽ 585000<br>വികസന ഫണ്ട് (പൊതുവിഭാഗം)438750<br>ഗുണഭോക്തൃവിഹിതം, 146250 |
| ബിൽ നം, തീയതി, ചെലവ് | 8/21-22 27.12.2021, 292500<br>12/21-22,14.01.2022, 16250<br>0021112, 19.01.2022, 156250 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0080/22, മട്ടുപ്പാവിൽ പച്ചക്കറി കൃഷി (എസ്.സി വനിത) |
| അടങ്കൽ ഫണ്ട് | ആകെ അടങ്കൽ 208000<br>വികസന ഫണ്ട് (എസ്.സി.പി) 169000<br>ഗുണഭോക്തൃവിഹിതം, 39000 |
| ബിൽ നം, തീയതി, ചെലവ് | 10/21-22 , 27.12.2021, 58500<br>13/21-22 , 14.01.2022, 13000<br>17/21-22 , 31.01.2022, 13000<br>21/21-22 , 15.03.2022, 58500<br>22/21-22 , 15.03.2022, 13000<br>23/21-22 , 15.03.2022, 13000<br>-----------------------------------<br>ആകെ : 16900 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പോട്ടിംഗ് മിശ്രിതം നിറച്ച മൺച്ചട്ടിയും വിത്തും ഉൾപ്പെടെ 75% സബ്സിഡി നിരക്കിൽ വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും. ആയത് പ്രകാരം പ്രോജക്ട് ക്രമനം 1പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട ഒരാൾക്ക് 20 വീതം പോട്ടിംഗ് മിശ്രിതം നിറച്ച മൺച്ചട്ടിയും വിത്തും ഉൾപ്പെടെ 195 വനിത ഗുണഭോക്താക്കൾക്ക് 3900 എണ്ണവും പ്രോജക്ട് ക്രമനം 2 പ്രകാരം ഗ്രാമ പഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽ ഒരാൾക്ക് 20 വീതം പോട്ടിംഗ് മിശ്രിതം നിറച്ച മൺച്ചട്ടിയും വിത്തും ഉൾപ്പെടെ 52 വനിത ഗുണഭോക്താക്കൾക്ക് 1040 എണ്ണവും കൃഷി ഓഫീസർ മുഖാന്തിരം നല്കിയിട്ടുണ്ട്. ഇതിൽ എസ്.സി ഗുണഭോക്താക്കൾക്ക് ജൈവവളം 100% നിരക്കിൽ സബ്സിഡി നല്കുന്നുമുണ്ട്. പോട്ടിംഗ് മിശ്രിതം നിറച്ച മൺച്ചട്ടിയും വിത്തും ഉൾപ്പെടെ ഒരെണ്ണത്തിന് 150 (ഗുണഭോക്തൃവിഹിതം ഉൾപ്പെടെ) രൂപ നിരക്കിലാണ് ആലുവ RAIDCO, Kerala Ltd നിന്നും വാങ്ങി നല്കിയിട്ടുള്ളത്.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 6139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺച്ചട്ടിയും വിത്തും ഉൾപ്പെടെ ഒരെണ്ണത്തിന് 145/- രൂപയാണ് നിർണ്ണയിച്ചിട്ടുള്ളത്. അംഗീകൃത സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് 145/-രൂപയുടെ 75% മായ 108.75 രൂപയാണ് അനുവദനീയം. ഇത് പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക 424125/- രൂപയാണ് (3900 X 108.75/-) എന്നാൽ ഇതിനു പകരം 438750/- രൂപയാണ് നിർവ്വഹണോദ്യോഗസ്ഥ വികസന ഫണ്ടിൽ നിന്ന് നല്കിയിട്ടുള്ളത്. അതുപോലെ തന്നെ പ്രോജക്ട് ക്രമം 2 പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പിയിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക 113100/- രൂപയാണ് (1040x108.75/-) എന്നാൽ ഇതിനു പകരം 117000/- രൂപയാണ് മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം രണ്ട് പ്രോജക്ടുകളുടെ ചെലവിനത്തിൽ യഥാക്രമം 14625, 3900 എന്നിങ്ങനെ 18525/- രൂപ വികസന ഫണ്ടിൽ നിന്ന് അധികം നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പോട്ടിംഗ് മിശ്രിതം നിറക്കുന്ന മൺച്ചട്ടി കുടുംബശ്രീ/കർഷക ഗ്രൂപ്പുകളിൽ നിന്നും വാങ്ങാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് കൊണ്ട് 20.03.2022 ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കോവിഡ് രോഗത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തൊഴിലാളികളുടെ അഭാവവും സാധന സാമഗ്രികളുടെ ലഭ്യതക്കുറവും യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ച് കിട്ടാത്തതിന്റെ അഭാവവുമാണ് പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിക്ക് 150/- രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനിടവരുത്തിയതെന്നും കൂടാതെ VFPCK യിൽ പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിക്ക് 200/- രൂപ നിരക്കിലാണ് വിതരണം ചെയ്യുന്നതെന്നും, നിലവിൽ കുടുംബശ്രീ/കർഷക ഗ്രൂപ്പുകൾ പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വിതരണം നടത്തുന്നില്ലെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. അയത് ഓഡിറ്റിൽ അംഗീകരിക്കുന്നു. തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ യൂണിറ്റ് കോസ്റ്റ് അനുസൃതമായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 17.03.2023 മുതൽ 22.03.2023 വരെ 2021-22സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകമായി ചേർത്തിട്ടുണ്ട്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ചവർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 274112 | 123/22 അനുപമ അംഗനവാടി പുനരുദ്ധാരണം വാർഡ് 2 | 274112 | |
| | | 657120 | 122/22 ,ജനഹിത റോഡ് പുനരുദ്ധാരണം വാർഡ്-1 | 657120 | |
| | | 205150 | 72/22, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 205150 | |
| | | 1186441 | 119/22,കായലോരം റോഡ് പുനരുദ്ധാരണം വാർഡ് 5 | 1186441 | |
| | | 736701 | 125/22,അനശ്വര അംഗനവാടി റോഡ് പുനരുദ്ധാരണം വാർഡ് 13 | 736701 | |
| | | 905158 | 157/22, ഇൻഡിപെൻഡൻസ് റോഡ് വാർഡ് 10 | 905158 | |

| | | | | | |
|---|---|---|---|---|---|
| | | 969678 | 124/22,സെമിത്തേരി റോഡ് പുനരുദ്ധാരണ വാർഡ് 7 | 969678 | |
| | ആകെ | 4934360 | | 4934360 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 ആകെ | 72940 | 21/22, നെൽകൃഷി വികസനം | 72940 | |
| | | 440000 | 51/22, ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 440000 | |
| | | 205150 | 72/22,ഭിന്നശേഷി വിദ്യാർത്ഥികൽക്ക് സ്കോളർഷിപ്പ് | 205150 | |
| | | 25000 | 25/22, അനുപൂരക പോഷകാഹാര പദ്ധതി | 25000 | |
| | | 743090 | | 743090 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 131/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | RB10322277 950058 | 927681 | 927681 | 0 |
| കെ.എസ്.ഇ.ബി | 44/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | RB10122057 900551 | 327238 | 327238 | 0 |
| കെ.എസ്.ഇ.ബി | 142/22,മൂന്നാം വാർഡിലെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് സമീപം സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | RB10352289 602061 | 25154 | 25154 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ രൂപ 480000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്ന

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | യിരുന്ന തുക | | | ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| ലൈഫ് ഭവന പദ്ധതി | | 480000 | 14560000 | 1495999 | | 13544001 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | റോംറോ ചെയർമാർട്ട് | 121020100422 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | ഫിഥം ഫാഷൻസ് | 121020100423 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | ബാപ്പായിആക്ടിവിറ്റി ഗ്രൂപ്പ് | 121020100424 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | സെന്റ് ജോസഫ് ഫ്ലോർ മിൽ | 121020100425 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | പറവൂർ ടൂൾ സെന്റർ | 121020100426 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | വട്ടത്തറ ഏജൻസീസ് | 121020100427 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | വാടശ്ശേരി ഡയഗ്നോസ്റ്റിക്ക് സെന്റർ | 121020100428 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | ശ്രീ മഹാദേവ സ്റ്റോർസ് | 121020100429 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | മാവേലി മെഡിക്കൽ സ്റ്റോർ | 121020100430 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | ഫോർച്ച്യൂൺ എന്റർ പ്രൈസസ് | 121020100431 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | സൺറൈസ് ഏജൻസീസ്. | 121020100432 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | ജൈവ സൂപ്പർ മർക്കറ്റ്സ് | 121020100433 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 200 | ബ്ലാക്ക് ബെറി ബേക്കറി | 121020100434 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-4 | 100 | മാസ്ക് വേൾഡ് | 121020100435 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 100 | ബാലാജി ഫാസ്റ്റ് ഫുഡ് | 121020100438 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | സ്വരുമ നൈലോൺസ് | 121020100439 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | അവിട്ടം ടെക്സ്റ്റൈൽസ് | 121020100440 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | ശ്രീ. നാരായണൻ | 121020100441 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 100 | ബ്ലാക്ക് ബെറി ബേക്കറി | 121020100442 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 100 | വാടശ്ശേരി ഡയഗ്നോസ്റ്റിക്ക് സെന്റർ | 121020100443 23.07.2021 |

| | | | | |
|---|---|---|---|---|
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | സി.ജി.സി | 121020100444 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | അരോമ ബ്യൂട്ടി പാർലർ | 121020100445 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | വട്ടത്തറ ഏജൻസീസ് | 121020100446 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | അന്ന സ്റ്റോർസ് | 121020100447 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | ട്രെൻഡ്സ് റെഡിമെയ്ഡ്സ് | 121020100448 23.07.2021 |
| 2019-20 | ഓഡിറ്റ് എൻക്വയറി-3 | 200 | വിന്റേജ് ലൈൻ ഫാബ്രിക്ക്സ് | 121020100449 23.07.2021 |
| ആകെ | | 4100 | | |

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭ്യമായ തുക വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനവരി മാസത്തിന്റെ തുടക്കത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി. അതോടെ നിലവിലുണ്ടാ യിരുന്ന വാട്ടർ ചാർജ്ജ് 51333/- രൂപയിൽ നിന്ന് 70875/- ആയി വർദ്ധിക്കുകയു ണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകു മെന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന പൊതുടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | ആവശ്യമയ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018 ൽ 56728/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയി ട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരി ക്കുന്നതാണ്. പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളു ന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53974868.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54350558.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19 തീയതി 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19 തീയതി 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19 തീയതി 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19 തീയതി 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16/ തീയതി 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17 തീയതി 21.10.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018 തീയതി 02.11.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020 തീയതി 19.03.20 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21 തീയതി 09.08.21 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21 തീയതി 13.09.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം,
എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്